പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 269 - 05/03/2012 ൽ മറുപടിക്ക്

സംസ്ഥാനത്തിന്റെ അധിക വിഭവ സമാഹരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഈ സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ അധിക വിഭവസമാഹരണത്തിന് സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുണ്ടോ; ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;<br><br>ബി) വീടുകളുടെ അധിക സെസ്, പുകയില ഉൽപന്നങ്ങളുടെ നികുതി ഉയർത്തൽ, സ്വർണ വിൽപനശാലയിലെ കോമ്പൗണ്ടിംഗ് പരിഷ്കാരം, ലോട്ടറി എന്നിവയിലെ വിലവർധനമൂലം ഉണ്ടാകുന്ന വരുമാന വർധന എത്ര ശതമാനമായിരുന്നു;<br><br>സി) മേൽപ്പറഞ്ഞ ഓരോ രംഗത്തും സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായുണ്ടായ അധിക വരുമാനം എത്ര വീതമാണ്? | 2011-12 സാമ്പത്തിക വർഷത്തിൽ അധിക വിഭവ ശേഖരണം വഴി 615.75 കോടി രൂപ സമാഹരിക്കുന്നതിനായിട്ടാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. 20 ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള കാറുകൾക്കും, 4000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകൾക്കും ഏർപ്പെടുത്തിയ ആഡംബര നികുതി (5 കോടി), പാൻ പരാഗ്- പുകയില ഉല്പന്നങ്ങളുടെ അധിക നികുതി (5 കോടി), ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷാ സെസ് (135 കോടി), ബിവറേജസ് കോർപ്പറേഷൻ വഴി വില്പന നടത്തുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ സർചാർജ് പുനസ്ഥാപിക്കൽ (192 കോടി), പുതിയ 6 ഭാഗ്യക്കുറികൾ ആരംഭിക്കൽ എന്നിവയാണ് മുഖ്യമായും ലക്ഷ്യമിട്ടിരുന്ന അധിക വിഭവ സമാഹരണ ഇനങ്ങൾ. ഓരോ ഇനത്തിലും ലഭിച്ച അധിക വരുമാനം എത്രയെന്ന് ഇപ്പോൾ തിട്ടപ്പെടുത്തിയിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ